# Malayala Manorama

## 14 August 2018

## Kakkanad : Heavy rain, Flood Relief, District administration , 100 ton essential items collected



# ജില്ലാ ഭരണകൂടം ശേഖരിച്ചത് 100 ടൺ അവശ്യ വസ്തുക്കൾ

**മറ്റു ജില്ലകളിലെ ദുരിതബാധിത മേഖലകളിലേക്കു കയറ്റി അയച്ചത് 16 ലോഡ് സാമഗ്രികൾ**

കാക്കനാട് • വെള്ളപ്പൊക്ക ദുരിതാശ്വാസ സാമഗ്രികൾ സമാഹരിക്കാൻ ജില്ലാ ഭരണകൂടം തുറന്ന കൗണ്ടറിലൂടെ ഇന്നലെ ഉച്ചവരെ ലഭിച്ചതു 100 ടണ്ണോളം വിവിധ ഇനം സാധനങ്ങൾ. എറണാകുളം ജില്ലയ്ക്കു പുറമെ ഇടുക്കി, വയനാട് ജില്ലകളിലേക്കും സാധനങ്ങൾ കയറ്റി അയയ്ക്കുന്നുണ്ട്. അൻപോട് കൊച്ചിയുടെ വൊളന്റിയർമാരാണു കടവന്ത്ര റീജനൽ സ്പോർട്സ് സെന്ററിലെ കൗണ്ടറിൽ പ്രവർത്തിക്കുന്നത്. കലക്ടർ മുഹമ്മദ് സഫിറുല്ല, സ്പെഷൽ ഓഫിസർമാരായ മുഹമ്മദ് ഹനീഷ്, എം.ജി. രാജമാണിക്യം എന്നിവരുടെ മേൽനോട്ടത്തിലാണു നടപടികൾ. ശനിയാഴ്ച മുതലാണ് അവശ്യ വസ്തുക്കളുടെ ശേഖരണം തുടങ്ങിയത്.

വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും സാധനങ്ങൾ എത്തിക്കുന്നുണ്ട്. ഇതര ജില്ലകളിലേക്കു സാധനങ്ങളുമായി പോകുന്ന ലോറികളെ വൊളന്റിയർമാർ അനുഗമിക്കുന്നു. 70 ടൺ ഭക്ഷ്യ സാധനങ്ങളും 30 ടൺ ഇതര ഇനങ്ങളുമാണു 16 ലോറികളിലായി മറ്റു ജില്ലകളിലെ ദുരിതബാധിത മേഖലകളിലേക്കു കയറ്റി അയച്ചത്.

അതതു ജില്ലാ കലക്ടർമാർക്കാണ് അവശ്യ വസ്തുക്കൾ കൈമാറുന്നത്. അരി, പല വ്യഞ്ജനങ്ങൾ, വസ്ത്രം, ബെഡ്ഷീറ്റുകൾ, ചെരിപ്പുകൾ, കുടിവെള്ളം നിറച്ച ബോട്ടിലുകൾ, മരുന്നുകൾ തുടങ്ങിയവയാണ് പ്രധാനമായും ശേഖരിക്കുന്നത്. പാചകത്തിനും സാധനങ്ങൾ സൂക്ഷിക്കുന്നതിനും ആവശ്യമായ പാത്രങ്ങൾ, ബക്കറ്റ്, മഗ്, പായ, മണ്ണെണ്ണ സ്റ്റൗ, ശുചീകരണ സാമഗ്രികൾ തുടങ്ങിയവയും ദുരിതാശ്വാസ ക്യാംപുകളിലേക്ക് ആവശ്യമുണ്ട്.

നോട്ട്ബുക്കുകളും ബാഗുകളും ഉൾപ്പെടെ സ്കൂൾ സാമഗ്രികളും വേണ്ടി വരും. എൻഡിആർഎഫ് അംഗങ്ങളും വിഭവ സമാഹരണ ക്യാംപിൽ സേവനം അനുഷ്ഠിക്കുന്നു. സാധനങ്ങൾ നൽകാൻ താൽപര്യമുള്ളവർ നാളെ വൈകിട്ട് ആറിനു മുൻപ് എത്തിക്കണമെന്നു സംഘാടകർ പറഞ്ഞു.

പരമാവധി സാധനങ്ങൾ ദുരിതാശ്വാസ ക്യാംപുകളിൽ എത്തിക്കുന്ന നടപടി പൂർത്തിയായാൽ വെള്ളം കയറിയ വീടുകളും പരിസരങ്ങളും ശുചീകരിക്കാനും അൻപോട് കൊച്ചി പ്രവർത്തകർ രംഗത്തിറങ്ങുമെന്നു സീനിയർ വൊളന്റിയർ ഇന്ദു ജയറാം പറഞ്ഞു.